# ചില പ്ലാസ്റ്റിക് നിരോധന ചിന്തകൾ

**ടി. ജയേഷ്**

**ഒറ്റത്തവണ** മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ജനുവരി ഒന്നു മുതൽ നിരോധിക്കാൻ സംസ്ഥാന സർക്കാർ എടുത്ത തീരുമാനം തീർച്ചയായും സ്വാഗതാർഹമാണ്. മനുഷ്യരെ മാത്രമല്ല, ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും പ്ലാസ്റ്റിക് മാരകമായ വിധത്തിൽ ബാധിക്കുന്നു എന്നതിന് നിരവധി തെളിവുകൾ പുറത്തുവന്നിട്ടും നിരോധനം എന്ന ശക്തമായ നടപടിയിലേക്ക് നീങ്ങാൻ ഭരണകൂടങ്ങൾ തയ്യാറാകാത്ത സ്ഥിതിയാണ് ആഗോളമായുള്ളത്. ആ സാഹചര്യത്തിലാണ് ലോകത്തിന്റെ ഒരു കോണിലെ, ഒരു ചെറിയ പ്രദേശമായ കേരളം ഇത്തരമൊരു തീരുമാനവുമായി മുന്നോട്ടുവരുന്നു എന്നത് പ്രസക്തമാകുന്നത്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളും നിരോധിക്കാനാണ് സർക്കാർ തീരുമാനം. പ്ലാസ്റ്റിക് കവറുകൾ, പാത്രങ്ങൾ, സ്പൂൺ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഗാർബേജ് ബാഗുകൾ, മേശവിരികൾ, 300 മില്ലി ലിറ്ററിൽ കുറവുള്ള കുപ്പികൾ തുടങ്ങിയവ നിരോധനത്തിന്റെ പരിധിയിൽ വരും. അരോഗ്യമേഖലയ്ക്ക് നിരോധനത്തിൽ ഇളവു നൽകിയിട്ടുണ്ട്. സർജിക്കൽ ഉത്പന്നങ്ങൾ അടക്കമുള്ളവയ്ക്കാണ് ഇളവ്. ഉപയോഗ ശേഷം പ്ലാസ്റ്റിക് തിരികെ എടുക്കാമെന്ന് ഉറപ്പുനൽകുന്നവരേയും നിരോധനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കും. മിൽമ, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ആ ഉറപ്പ് നൽകിയിട്ടുണ്ട് എന്ന് പറയുന്നു. നിരോധനം ലംഘിക്കുന്നവർക്ക് ആദ്യഘട്ടത്തിൽ 10,000 രൂപ പിഴ ഈടാക്കും. കുറ്റം ആവർത്തിച്ചാൽ 25,000 രൂപ. പിന്നെയും ആവർത്തിച്ചാൽ 50,000 രൂപ വരെ പിഴ ഈടാക്കും. ഇതിനു ശേഷവും നിരോധനം ലംഘിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കാനും ശുപാർശയുണ്ട്. ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വലിയ രീതിയിൽ കുറയ്ക്കാൻ കഴിയുന്ന തരത്തിലാണ് സർക്കാർ ഈ പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്. എന്നാൽ 'നിരോധനം' എന്ന പേരിൽ നടപ്പിലാക്കിയതെല്ലാം ഫലപ്രദമാകാതെ പോയ ചരിത്രമാണ് കേരളത്തിനുള്ളത്. ചാരായ നിരോധനം കേരളത്തിന്റെ മദ്യാസക്തിയെ ഒട്ടും കുറച്ചില്ലല്ലോ. അതുപോലെ എന്തെല്ലാം നിരോധനങ്ങൾ. നിയമം ലംഘിക്കുന്ന പ്രബലർക്ക് പോലീസ്-ഉദ്യോഗസ്ഥ സംവിധാനങ്ങൾ കൂട്ടുനിൽക്കുന്ന നാട്ടിൽ 'നിരോധനം' എന്നത് നടപ്പിലാക്കാൻ വളരെ പ്രയാസമുള്ള ഒരു ഏർപ്പാടാണ് എന്നതാണ് നമ്മുടെ അനുഭവം. പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ നിന്നും മുക്തരാകുക എന്നത് ഒരു സാമൂഹ്യ പ്രക്രിയയായി മാറിയാൽ മാത്രമേ നിരോധനം ഫലപ്രദമാകൂ. സമൂഹത്തിന്റെ മുൻകൈകൾ കൂടി അതിനുണ്ടാകണം. സമൂഹം അതിന് സന്നദ്ധമായി മുന്നോട്ടുവരണമെങ്കിൽ പ്ലാസ്റ്റിക് ഉപയോഗിക്കാതിരിക്കാൻ കഴിയുന്നതരത്തിലുള്ള ബദലുകൾ അവരുടെ കൈകളിലേക്ക് എത്തിച്ചേരണം. അത് തീർച്ചയായും സർക്കാരിന്റെ ഇടപെടലുകളിലൂടെ മാത്രമേ സാധ്യമാകൂ. കാരണം, നമ്മൾ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളിൽ ഭൂരിഭാഗവും നിത്യോപയോഗ സാധനങ്ങളുടെയും ഉപകരണങ്ങളുടെയും കവറുകളാണ്. കാരിബാഗുകൾ ആകെ ഉപയോഗത്തിന്റെ ഒന്നോ രണ്ടോ ശതമാനം മാത്രമേ വരൂ. നിത്യോപയോഗ സാധനങ്ങളുടെ കവറുകൾ എങ്ങനെയാണ് ഒഴിവാക്കാൻ കഴിയുന്നത്? പ്ലാസ്റ്റിക് നിരോധനം വന്ന സാഹചര്യത്തിൽ ഉത്പാദകർ പ്ലാസ്റ്റിക് കവറുകൾ മാറ്റിയേക്കാം. അല്ലെങ്കിൽ തിരിച്ചെടുക്കുക എന്നതായിരിക്കും അവർ ഉദ്ദേശിക്കുന്ന മാർഗ്ഗം. രണ്ടായാലും ഉത്പാദകരുടെ കൂടി പിന്തുണയില്ലാതെ കേരളം പോലെ ഒരു വലിയ കൺസ്യൂമർ സൊസൈറ്റിയിൽ പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകില്ല. പ്ലാസ്റ്റിക് കവറുകൾ തിരിച്ചെടുക്കുക എന്നതാണ് ഉത്പാദകർ കാണുന്ന പരിഹാരമെങ്കിൽ അത് തിരിച്ചെടുക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സമൂഹം ഒന്നടങ്കം മുന്നോട്ടുവരണം. ഒപ്പം കേരളത്തിൽ തന്നെയുള്ള പ്ലാസ്റ്റിക്കിന് ബദലായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ബഹുജനങ്ങളിലേക്ക് അവരുടെ ഉത്പന്നങ്ങളെ എത്തിക്കുന്നതിനുമുള്ള ഒരു പദ്ധതി കൂടി സർക്കാർ ഇതിനൊപ്പം തുടങ്ങി വയ്ക്കണം. അത്തരത്തിലുള്ള ഒരു സമഗ്രമായ സമീപനമില്ലാതെ, പിഴയൊടുക്കി പ്ലാസ്റ്റിക് ഇല്ലാതാക്കാം എന്നാണ് സർക്കാർ കരുതുന്നതെങ്കിൽ ഈ വിപത്തിൽ നിന്നും കേരളം മുക്തമാകാൻ പോകുന്നില്ല എന്നാണ് അനുഭവപാഠം. ■





**2020 ജനുവരി 1ന്**

കാലാവസ്ഥാ പ്രതിസന്ധികൾക്ക് പരിഹാരം
കാണണം എന്നാവശ്യപ്പെട്ട് ലോകവ്യാപകമായി
നടക്കുന്ന പ്രതിഷേധങ്ങളുടെ ഭാഗമായി
ആയിരക്കണക്കിന് വിദ്യാർത്ഥികൾ
തൃശൂർ റൗണ്ടിൽ ഒരുക്കുന്നു

**കാലാവസ്ഥാ വലയം**

Ph: 9447308582



**കേരളീയം**
**വരിസംഖ്യ അയയ്ക്കുമല്ലോ**

**വാർഷിക വരിസംഖ്യ** (12 ലക്കം) :
**ഇന്ത്യയിൽ** : 300 രൂപ, **സ്ഥാപനങ്ങൾക്ക്** : 600 രൂപ
**വിദേശത്തേക്ക്** : 1200 രൂപ.
**കൂട്ടായ്മ അംഗത്വം** : 15,000 രൂപ.
**ആജീവനാന്ത വരിസംഖ്യ** : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക്* :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943



**കേരളീയം ഡിജിറ്റൽ ആർക്കൈവ്**




1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന
കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ
നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാന
ത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം
ഡൗൺലോഡ് ചെയ്യുന്നതിനും
കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന
ഈ ഡിജിറ്റൽ ആർക്കൈവ്
സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:

www.keraleeyammasika.com